## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 28 — 09.06.14 ൽ - മറുപടിക്ക്

# ബി.പി.എൽ. കാർഡിനുള്ള അപേക്ഷകൾ നിരസിച്ചവർക്കെതിരെയുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി. തിലോത്തമൻ | | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) | മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലൂടെ ആലപ്പുഴ ജില്ലയിൽ എത്ര എ.പി.എൽ. റേഷൻ കാർഡുകൾ ബി.പി.എൽ ആക്കി നൽകി എന്നു പറയാമോ; ഈ ഇനത്തിൽ ജനസമ്പർക്ക പരിപാടിയിൽ കിട്ടിയ അപേക്ഷകൾ എത്രയാണെന്നും പറയുമോ; | (എ) | മുഖ്യമന്ത്രിയുടെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ആലപ്പുഴ ജില്ലയിൽ 4331 എ.പി.എൽ കാർഡുകൾ ബി.പി.എൽ കാർഡുകളാക്കി മാറ്റി നൽകുന്നതിന് ജില്ലാ സപ്ലൈ ഓഫീസിൽ അപേക്ഷ ലഭിക്കുകയും 350 കാർഡുകൾ മാറ്റി നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ചേർത്തല താലൂക്കിൽപ്പെട്ട എത്ര പേർക്ക് ഈ ഇനത്തിൽ ബി.പി.എൽ. റേഷൻ കാർഡുകൾ ലഭിച്ചു എന്ന് പറയാമോ; | (ബി) | ചേർത്തല താലൂക്കിൽ 111 എ.പി.എൽ കാർഡുകൾ ബി.പി.എൽ കാർഡുകളാക്കി നൽകിയിട്ടുണ്ട്. |
| (സി) | ജനസമ്പർക്ക പരിപാടിയിലൂടെ ബി.പി.എൽ.ആക്കുന്നതിന് ലഭിച്ചവയും ബി.പി.എൽ. റേഷൻ കാർഡ് നൽകിയവയുമായ അപേക്ഷകർക്ക് മുമ്പ് സപ്ലൈ ഓഫീസുകളിൽ അപേക്ഷിച്ചപ്പോൾ ഉദ്യോഗസ്ഥർ ബി.പി.എൽ. ആക്കി നൽകാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത അപേക്ഷകളിൽ ഉചിതമായ നടപടി കൈക്കൊള്ളാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ നിയമനടപടികൾ കൈക്കൊള്ളുമോ? | (സി) | 05.11.11-ലെ സ.ഉ(കൈ)നം.38/11/ഭ.സി.സ.വ ഉത്തരവ് പ്രകാരം എ.പി.എൽ കാർഡുകൾ ബി.പി.എൽ കാർഡുകളാക്കി മാറ്റുന്നതിനുള്ള അധികാരം ജില്ലാ കളക്ടർമാർക്കാണ്. ആയതിനാൽ എ.പി.എൽ കാർഡുകൾ ബി.പി.എൽ കാർഡുകളാക്കി മാറ്റി നൽകുന്നതിനുള്ള അപേക്ഷ ജില്ലാ സപ്ലൈ ഓഫീസുകളിൽ സ്വീകരിക്കാറില്ല. ജില്ലാ കളക്ടറിൽ നിന്നും അന്വേഷണത്തിനായി നൽകുന്ന അപേക്ഷകൾ അന്വേഷണം നടത്തി റിപ്പോർട്ട് യഥാസമയം നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ